(സി) പദ്ധതിയിൽ ഉൾപ്പെടുന്ന 10 പ്രവൃത്തികൾക്ക് 22-2-2014-ലെ ജി.ഒ. (എം.എസ്.) നമ്പർ 18/2014/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. ഇവയിൽ ഉൾപ്പെട്ട കോഴിക്കോട് ദേശീയപാത ബൈപ്പാസിന്റെ നിർമ്മാണം പൂർത്തിയായി. രാമപുരം-നാലമ്പലം ദർശനം റോഡ്, കഞ്ഞിക്കുഴി-വെട്ടുത്തുകവല-കുറുകച്ചാൽ റോഡ്, പാലാരിവട്ടം ഫ്ലൈ ഓവർ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. ഇവയ്ക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുന്ന മറ്റ് 7 പ്രവൃത്തികളുടെ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

റോഡ് ശൃംഖല

257(1326) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പി. സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തന്ത്ര പ്രധാനമായ റോഡ് ശൃംഖല വികസിപ്പിക്കുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

ഉത്തരം

(എ-സി) കെ.എസ്.റ്റി.പി.-യിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് തന്ത്രപ്രധാനമായ റോഡ് ശൃംഖല രൂപീകരിക്കുവാൻ പദ്ധതിയുണ്ട്. അതിൽ ഘട്ടംഘട്ടമായി 6000 കി.മീ. പാതകൾ ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. സാമൂഹികവും സാമ്പത്തികവുമായ വികസന മാനദണ്ഡങ്ങൾ വച്ചാണ് പാതകൾ തെരഞ്ഞെടുക്കുന്നത്. കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലുള്ള തന്ത്രപ്രധാനമായ സ്ഥലങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ഒരു റോഡ് ശൃംഖലയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. പത്ത് വർഷം കൊണ്ട് പൂർത്തീകരിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. തെരഞ്ഞെടുക്കുന്ന റോഡുകൾ പ്രത്യേകമായി വികസിപ്പിച്ച് അവ മേന്മയേറിയ രീതിയിൽ പരിപാലിക്കുവാനാണ് ഉദ്ദേശ്യം. ഇതിനുവേണ്ടി വരുന്ന സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ഇതിന്റെ ചുമതല വഹിക്കാൻ ഒരു പ്രത്യേക സംവിധാനം രൂപീകരിക്കുവാനും ഉദ്ദേശ്യമുണ്ട്. നാലുപാക്കേജുകളായിട്ടാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിൽ ആദ്യത്തെ പാക്കേജിന്റെ പ്രവർത്തനം തുടങ്ങാനായി ഒരു ക്ലൈന്റ് സ്പോൺസറെ നിയമിച്ചിട്ടുണ്ട്. മറ്റ് മൂന്ന് പാക്കേജുകൾ നടപ്പിലാക്കാനായി കൺസൾട്ടന്റുമാരെ നിയമിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

GPM. 2/239/2020-39

LIBRARY ARCHIVES Kerala Legislative Assembly